പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6029 | 10.7.2012 ന് മറുപടിയ്ക്ക്

മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.അജിത്ത്<br>ശ്രീ.വി.ശശി<br>ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.സി.ജോസഫ്<br>ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവിയ്ക്ക് അർഹതയില്ലെന്ന് സാഹിത്യകലാ അക്കാദമിയുടെ ഭാഷാ ശാസ്ത്ര വിഭാഗം കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;വിശദമാക്കുമോ; | (എ) | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവിയ്ക്ക് അർഹതയില്ലെന്ന് സാഹിത്യകലാ അക്കാദമിയുടെ ഭാഷാ ശാസ്ത്ര വിഭാഗം കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുള്ളതായി ചില പത്ര മാധ്യമങ്ങൾ വഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്.ഇതു സംബന്ധിച്ച യാതൊരു ഔദ്യോഗിക അറിയിപ്പുകളും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടില്ല. |
| (ബി) | എത്ര വർഷം വരെ പഴക്കമുള്ള ഭാഷകൾക്കാണ് സാധാരണ ക്ലാസിക്കൽ പദവി ലഭിക്കുന്നത്; | (ബി) | ഭാഷയ്ക്ക് ചുരുങ്ങിയത് 1500 വർഷത്തെ പഴക്കമുണ്ടായിരിക്കണമെന്നതാണ് ക്ലാസിക്കൽ പദവി ലഭിക്കാൻ നിലവിലുള്ള ഒരു മാനദണ്ഡം. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നല്കുന്നതു സംബന്ധിച്ച് നമ്മുടെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നല്കണമെന്ന് കാണിച്ച് ബഹു.മുഖ്യമന്ത്രി കേന്ദ്ര സാംസ്കാരിക മന്ത്രിക്ക് കത്തയച്ചു കഴിഞ്ഞു. ബഹു.മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതി 29/6/12 ന് അടിയന്തിര യോഗം കൂടുകയും ചെയ്തു.മലയാളഭാഷയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടെന്ന നമ്മുടെ വാദഗതി അംഗീകരിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാ പദവി മലയാളത്തിന് നൽകുകയോ,അതല്ല മാനദണ്ഡം മാറ്റുകയോ ചെയ്യണമെന്നും,മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം 2012 ജൂലൈ 3 ന് പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

Padmam P

സെക്ഷൻ ഓഫീസർ